# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 680 — 07.01.2014 ൽ മറുപടിയ്ക്ക്

### കേരളാ മൈനർ മിനറൽ കൺസഷൻ റൂൾ പ്രകാരമുള്ള പാറഖനനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1967-ലെ കേരളാ മൈനർ മിനറൽ കൺസഷൻ റൂൾ പ്രകാരം സംസ്ഥാനത്ത് പാറഖനനം നടത്തുന്നതിനു നൽകിയ അനുമതികൾ എത്രയാണെന്ന് ജില്ല തിരിച്ച വെളിപ്പെടുത്തുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറഖനനത്തിന നൽകിയ അനുമതിയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 154, കൊല്ലം - 81, പത്തനംതിട്ട - 83, കോട്ടയം - 162, മലപ്പുറം - 247, ആലപ്പുഴ - 0, ഇടുക്കി - 117, കോഴിക്കോട് - 260, എറണാകുളം - 301, തൃശ്ശൂർ - 199, വയനാട് - 74, കണ്ണൂർ - 199, കാസർഗോഡ് - 119, പാലക്കാട് - 150<br>**ആകെ - 2146** |
| (ബി) | സംസ്ഥാനത്ത് ഇരുമ്പയിര് ഖനനം നടത്തുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്തോ ഈ സർക്കാരിന്റെ കാലത്തോ ലൈസൻസ് നൽകിയിട്ടുണ്ടോ;<br>എങ്കിൽ, ആർക്കെല്ലാം;<br>വിശദമാക്കുമോ? | (ബി) | M/s. MSPL Ltd, Baldota Enclave Abheraj Baldota Road Hospet - Karnataka എന്ന കമ്പനിക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 23/04/2010 ൽ കോഴിക്കോട് ജില്ലയിലെ മാവൂർ, കാക്കൂർ, ചക്കിട്ടപ്പാറ എന്നീ വില്ലേജുകളിൽ ഇരുമ്പയിര് ഖനനത്തിന് മൈനിംഗ് ലീസ് അനുവദിക്കുന്നതിനുള്ള മുന്നോടിയായി ആവശ്യമായ മറ്റു രേഖകൾ സാമ്പാദിക്കേണ്ടതിലേയ്ക്കായി തത്വത്തിൽ അംഗീകാരം നൽകുകയും, ലെറ്റർ ഓഫ് ഇൻഡന്റ് നൽകുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ രേഖകൾ ഹാജരാക്കുവാൻ സാധിക്കാത്തതിനാൽ മൈനിംഗ് ലീസ് എക്സിക്യൂട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ